2023
ഓഗസ്റ്റ്
വാല്യം 16 | ലക്കം 8
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN











'വിജയപുരദൂത്' പത്രാധിപസമിതിയിൽ നാളിതുവരെ സതുത്യർഹമാംവിധം സേവനം ചെയ്ത മാനേജിംഗ് എഡിറ്റർ റവ. ഫാ. ജോസഫ് ചെറുകാക്രാംചേരിലിനും, അസോസിയേറ്റ് എഡിറ്റർ റവ. ഫാ. വർഗീസ് കോട്ടക്കാട്ടിനും ഹൃദ്യമായ നന്ദിയും തൽസ്ഥാനങ്ങളിലേക്ക് ചാർജെടുത്തിരിക്കുന്ന റവ. ഫാ. ഹിലാരി തെക്കേക്കുറ്റിനും റവ.ഫാ. മാത്യു ഒഴത്തിലിനും പത്രാധിപസമിതിയിലേക്ക് സ്വാഗതവും.



ഡീക്കൻപട്ടം സ്വീകരിച്ച ബ്രദർ സേവ്യർ ഡൊമിനിക് (ചിത്തിരപുരം ഇടവക) അഭിവന്ദ്യ പിതാവിനോടും ബഹു. വൈദികരോടും മാതാപിതാക്കളോടുമൊപ്പം

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

2023 AUGUST | Registered Newspaper, Reg.No. KERMAL/2008/24745 | Vol.16 • No.8


## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ

6 രൂപതാ കാര്യാലയത്തിൽ നിന്ന്

6 ജസ്റ്റീസ് സൺഡേ (നീതി ഞായർ)

9 കെ..സി.ബി.സി സർക്കുലർ

13 തടവറ പ്രേഷിത ഞായർ

18 പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ

22 നന്മ നിറഞ്ഞ മറിയമേ...

24 ഇടവക വാർത്തകൾ

31 വി.എസ്.എസ്.എസ്. വാർത്തകൾ



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649





Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# സ്വതന്ത്രരാകാം മഹത്വീകരിക്കപ്പെടാം

**സ്വാ**തന്ത്ര്യത്തിന്റെയും മഹത്വീകരണത്തിന്റെയും മാസമാണ് ആഗസ്റ്റ്. എല്ലാ ഭാരതീയരോടും ചേർന്ന് ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനം നാം കൊണ്ടാടുകയാണ്. ഒപ്പം, ലോക ക്രൈസ്തവ ജനതയോടു ചേർന്ന് നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ഒരാഴ്ച കഴിഞ്ഞ് ആഗസ്റ്റ് 22-ാം തീയതി മാതാവിന്റെ രാജ്ഞിത്വത്തിരുനാളും തിരുസഭ കൊണ്ടാടുകയാണ്. ഭൗതികമായി സ്വതന്ത്രരാകാൻ നിശ്ചയിക്കപ്പെട്ടവരും ആത്മീയമായി സ്വർഗ്ഗീയ മഹത്വത്തിൽ മുന്നേറാൻ വിളിക്കപ്പെട്ടവരുമാണ് നാം.

**സ്വതന്ത്ര്യം:** ഉള്ളിനാലും ഉള്ളിലുള്ളതിനാലും നയിക്കപ്പെടുന്ന അവസ്ഥയാണ് സ്വതന്ത്ര്യം. ഉള്ളിലുള്ളത് ദൈവമാണ്, ദൈവസ്നേഹമാണ്. ദൈവ ഛായയാണ്, ദൈവവചനമാണ്, ദൈവാത്മാവാണ്. സ്നേഹിക്കാനും ജീവൻ അതിന്റെ സമൃദ്ധിയിൽ ജീവിക്കാനം ഉള്ള് നമ്മെ പ്രചോദിപ്പിക്കുന്നു, സഹായിക്കുന്നു, ശക്തിപ്പെടുത്തുന്നു. മറിച്ച് പുറമേയുള്ളവയും പുറമേയുള്ളവരും നമ്മെ നിയന്ത്രിക്കുകയും ഒതുക്കുകയും ചെയ്യുമ്പോൾ നാം അടിമകളാണ് അസ്വതന്ത്രരാണ്.

വിദേശാധിപത്യങ്ങളിൽ നിന്ന് വിശേഷിച്ച്, ഏകദേശം 90 വർഷം നീണ്ടുനിന്ന ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് നാം സ്വതന്ത്രരായിട്ട് 76 വർഷം കഴിയുന്നു. ആ സ്വാതന്ത്ര്യം നേടിത്തരാൻ ആത്മത്യാഗം ചെയ്ത നമ്മുടെ പൂർവ്വീകരെ സ്വതന്ത്ര ഇന്ത്യക്കുവേണ്ടി പൊരുതിയ നേതാക്കളെ നാം നന്ദിപൂർവ്വം അനുസ്മരിക്കുകയും നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തിൽ നാം അഭിമാനം കൊള്ളുകയും ചെയ്യുന്നു. ആഗസ്റ്റ് 15-ന്റെ സ്വാതന്ത്ര്യദിനാഘോഷത്തിലൂടെ എങ്കിലും നാം യഥാർത്ഥത്തിൽ സ്വതന്ത്രരാണോ, സ്വതന്ത്രരാജ്യത്തിലെ പൗരൻ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തങ്ങൾ നന്നായി നിറവേറ്റുന്നുണ്ടോ എന്ന് നാം ആത്മശോധന ചെയ്യേണ്ടതുണ്ട്. നമ്മുടെ സ്വാതന്ത്ര്യദിനാഘോഷത്തിൽ.

മതേതര രാഷ്ട്രമെന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്നും നാം അഭിമാനം കൊള്ളുമ്പോഴും മതതീവ്രവാദവും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും പേരിലുള്ള സ്പർദ്ധയും വിവേചനവും രാഷ്ട്രീയത്തിന്റെ അതിപ്രസരവും നേതാക്കളുടെയും അധികാരികളുടെയും പ്രമത്തതയുമെല്ലാം നമ്മെ അടിമത്വത്തിലാഴ്ത്തുന്നു; ഐക്യം നശിപ്പിക്കുന്നു. മനുഷ്യരുടെ ജീവനും സമാധാനവും സുസ്ഥി

തിയും കെടുത്തുന്നു. മദ്യവും മയക്കുമരുന്നും ലഹരിയുമെല്ലാം മനുഷ്യരുടെ വിശേഷിച്ച് യുവജനങ്ങളുടെയും കുട്ടികളുടെയും ബോധം കെടുത്തുന്നു. ഭാവിയെ നശിപ്പിക്കുന്ന അനധികാരികളുടെ കോർപ്പറേറ്റ് പ്രീണന നയങ്ങൾ സാധാരണ മനുഷ്യരെ ദുരിതത്തിലാഴ്ത്തുന്നു. മനുഷ്യരിലെ അസൂയയും അഹന്തയും സ്വാർത്ഥതയും ആസക്തികളും തിന്മയോടുള്ള ആഭിമുഖ്യങ്ങളുമെല്ലാം സമൂഹത്തിന്റെ സുസ്ഥിതിയെ അവതാളത്തിലാഴ്ത്തുന്നു. സൃഷ്ടികർമ്മത്തിന്റെ വിവരണം തുടങ്ങി വെളിപാടിലെ യുഗാന്ത്യ ലോകത്തിന്റെ വിവരണം വരെ ബൈബിൾ വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സമൃദ്ധമായ ജീവന്റെയും സന്ദേശമാണ് പകർന്നു തരുന്നത്. ഈജിപ്റ്റിലെ അടിമത്വത്തിലായിരുന്ന ഇസ്രായേൽ ജനത്തെ മോശയെ അയച്ച് വിമോചിപ്പിച്ചപ്പോഴും ബാബിലോൺ പ്രവാസകാലത്ത് പരദേശികളായി ചിതറിപ്പാർത്തിരുന്ന യഹൂദജനതയെ സൈറസിലൂടെ പുനരുദ്ധരിപ്പിച്ചപ്പോഴും പാപത്തിലും തിന്മയുടെ ആധിപത്യത്തിലും കഴിഞ്ഞിരുന്ന ജനതയെ മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ രക്ഷിച്ചപ്പോഴും മനുഷ്യത്വത്തിന് രക്ഷയേകാൻ സ്നേഹം തന്നെയായ ദൈവം ശ്രദ്ധിക്കുകയായിരുന്നു. യഥാർത്ഥ സ്വാതന്ത്ര്യമനുഭവിക്കാൻ നാം ബൈബിൾ ഗ്രഹിക്കണം. യേശുവിൽ വിശ്വസിക്കണം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണം. എല്ലാത്തരം അടിമത്തങ്ങളെയും അതിജീവിച്ച് യഥാർത്ഥ സ്വാതന്ത്ര്യത്തോടെ മുന്നേറാൻ നമ്മെ ശക്തിപ്പെടുത്താനും നയിക്കാനും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**മഹത്വം:** ചരിത്രത്തിലെ ഏറ്റം മഹതിയായ മറിയത്തിന്റെ, നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാളും രാജ്ഞിത്വ തിരുനാളും നാം ഈ മാസത്തിൽ തന്നെ കൊണ്ടാടുക്കുകയാണ്. അങ്ങനെ യേശുവിന്റെ മഹത്വത്തിൽ പങ്കുചേരാൻ ആദ്യം ഭാഗ്യം സിദ്ധിച്ച അമ്മയിൽ നിന്ന് പ്രചോദനവും മാതൃകയും ഉൾക്കൊള്ളുകയാണ് മഹത്വത്തിനായി നിശ്ചയിക്കപ്പെട്ട നമ്മളും. സ്വാതന്ത്ര്യത്തിന്റെ പരിപൂർത്തിയാണ് മഹത്വീകരണം. അവിടെയാണ് നമുക്ക് ജീവിത സാക്ഷാത്ക്കാരവും ജീവിത സാഫല്യവും.

സ്വതന്ത്ര ഭാരതത്തിന്റെ പ്രതീകവും പ്രചോദനവുമാണ് സ്വർഗ്ഗാരോപണം ചെയ്ത, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി അവരോധിക്കപ്പെട്ട നമ്മുടെ സ്വർഗ്ഗീയ അമ്മ. നമ്മുടെ സ്വാതന്ത്ര്യത്തെ സ്നേഹിക്കാനും ജീവനേകാനും നമ്മെ യോഗ്യരാക്കുന്ന സ്വാതന്ത്ര്യത്തെ ഉത്തരവാദിത്തപൂർവ്വം വിനിയോഗിച്ചുകൊണ്ട് സ്വർഗ്ഗീയ അമ്മയുടെ മഹത്വത്തിലേക്ക് മുന്നേറാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. യഥാർത്ഥ വിമോചകനായ ഉത്ഥിതനായ യേശുനാഥൻ നമ്മെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യട്ടെ. പരിശുദ്ധാത്മാവ് നമ്മെ ശക്തിപ്പെടുത്തുകയും വഴി നടത്തുകയും ചെയ്യട്ടെ.

***സ്വാതന്ത്ര്യ ദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.***

*പത്രാധിപർ.*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS

Very Rev. Fr. Joseph Nelson Avaravila is appointed as the new Vicar Forane of District VIII (Marayoor) of the Diocese of Vijayapuram.

Very Rev. Fr. Wilson Kappattil, OCD is appointed as the new Vicar Forane of District I (Kottayam) of the Diocese of Vijayapuram.

Rev. Fr. Varghese Alumkal is appointed as the new Chairman of the Political Affairs Committee of the Diocese of Vijayapuram.

## ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2023 ആഗസ്റ്റ് 20 ഞായർ

### കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കുമതക്കാർക്കും 1990 ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനു

വദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘന ത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ട ത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതി യിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി KCBC സാമ്പ ത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9–ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുക യുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെ ട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തു വാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സു കളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥി കൾക്ക് KCBC സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം യോഗ്യത യുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭാ വക സ്ഥാപന ങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസയോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യ തയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗനിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെടുത്തുകൊ ണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടും ബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയി ലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduate (60%)

എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധ ബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

*ഈശോയിൽ സ്നേഹപൂർവ്വം,*

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
*(ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)*

**ബിഷപ് വിൻസന്റ് സാമുവൽ**
*(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)*

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

**NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.**

## 2023 ഡിസംബർ മാസത്തിലെ
# കേരളാ ദിവ്യകാരുണ്യ കോൺഗ്രസ്സ് സംബന്ധിച്ച്
## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ,**
**സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരള സഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രവർത്തനരേഖ**യുടെ അടിസ്ഥാനത്തിലാണ് കേരളസഭ- രൂപതാ-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

### ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നല്കുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പര സ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ

കോൺഗ്രസ് നടന്നത്. 38-ാം മത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടി കളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

## ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകകളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യവികാരിജനറാൾ, ഫെറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്യസ്തസമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു സന്ന്യാസിനി/സന്യാസി എന്നിവരാണ്.

സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

## സാമ്പത്തിക കാര്യങ്ങൾ

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാവൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

## ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യകോൺഗ്രസിനു മുന്നോടിയായി രൂപതാ – ഇടവകതലങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസ സമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

## ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണ

യെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയപ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശികളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

# തടവറ പ്രേഷിത ഞായർ
## (ആഗസ്റ്റ് 13, 2023)

**"നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും" ( ലൂക്കാ 23, 43)**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

### ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ

അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

### വധശിക്ഷ ഒഴിവാക്കപ്പെടണം

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

### പ്രിസൺ മിനിസ്ട്രി, ഇന്ത്യ

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം

(Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കു

വേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*ഈശോമിശിഹായിൽ സ്നേഹപൂർവ്വം,*

**ബിഷപ് മാർ ജോസ് പുളിക്കൽ**
*(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)*

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

N:B: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## വിശ്വാസികളുടെ പ്രാർഥന

***കാർമികൻ:*** *പ്രിയ സഹോദരീ സഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ, ബന്ധനസ്ഥരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാത്മാവിനാൽ നമ്മെ പ്രചോദിതരാക്കണമെന്ന് നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.*

***സമൂ:*** *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.*

*കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങയുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.*

***സമൂ:*** *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.*

*കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവെച്ചു. അഴികൾക്ക് പിന്നിലുള്ള ഞങ്ങളുടെ സഹോദരീ സഹോദരൻമാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരിക അസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിൽ അധികാരികൾക്ക് നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.*

***സമൂ:*** *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.*

*കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏററം ഒടുവിലായിരിക്കുന്നവർക്കും വേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ വോളണ്ടിയർമാരുടെമേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.*

***സമൂ:*** *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.*

*കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണമായ തീരുമാനത്തിൽ എത്തിച്ചേരാൻ വേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്ന് മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.*

***സമൂ:*** *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.*

***കാർമികൻ:*** *സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരം നീട്ടി അഴികൾക്ക് പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ.* ***ആമേൻ.***

# പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ

**ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന വ്യക്തികളുടെ കൂട്ടായ്മയാണ് സഭ. ഈ സഭയ്ക്കൊരു ലക്ഷ്യമുണ്ട്. പ്രേക്ഷിത പ്രവർത്തനമാണ് സഭയുടെ ലക്ഷ്യം.**

**സഭാരംഭം**

യേശു തന്റെ ഉയിർപ്പിനുശേഷം 40 ദിവസം ഈ ഭൂമിയിൽതന്നെ ഉണ്ടായിരുന്നു. ആ സമയത്ത് അവിടുന്ന് ശിഷ്യഗണത്തിനു പ്രത്യക്ഷപ്പെട്ട് പ്രേക്ഷിതദൗത്യം നൽകി. "അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15).' 'പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. (യോഹ. 20:21)." ഈശോനാഥന്റെ ഈ വാക്കുകളാണ് സഭ ലോകം മുഴുവൻ വ്യാപിക്കുന്നതിനുള്ള അടിസ്ഥാനം.

ശിഷ്യന്മാർക്ക് പ്രേക്ഷിതദൗത്യം ഏൽപ്പിച്ചുകൊടുക്കുന്നതിന് മുൻപുതന്നെ യേശു ഭൂമിയിൽ തന്റെ സഭയ്ക്ക് നേതൃത്വം നൽകാൻ ഒരാളെ തിരഞ്ഞെടുക്കുന്നുണ്ട്. അത് മറ്റാരുമല്ല. ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസിനെയാണ് യേശു സഭാനൗകയുടെ അമരക്കാരനായി തിരഞ്ഞെടുത്തത്. അതിനുമുന്നോടിയായി പത്രോസിന്റെ വിശ്വാസപ്രഖ്യാപനം നടത്തുന്നതും പത്രോസിൽ അജപാലനദൗത്യം ഏൽപ്പിച്ചുകൊടുക്കുന്നതുമായ 2 സംഭവങ്ങൾ ബൈബിളിൽ കാണാൻ കഴിയും. ഒന്നാമത്തെ സംഭവം നടക്കുന്നത് കേസറിയ ഫിലിപ്പിയിൽ വെച്ചാണ്. മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത് എന്ന യേശുവിന്റെ ചോദ്യത്തിന് ചിലർ സ്നാപകയോഹന്നാൻ എന്നും ഏലിയാ എന്നും വേറെചിലർ ജറമിയ അല്ലെങ്കിൽ പ്രവാചകന്മാരിൽ ഒരുവൻ എന്നും എന്നിങ്ങനെ ശിഷ്യന്മാരിൽനിന്നും മറുപടി വന്നു. അപ്പോൾ യേശു ശിഷ്യൻമാരുടെ നേർക്കുതിരിഞ്ഞ് അവരോടായി ചോദിച്ചു: "എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?" ഇതിന് മറുപടി പറയുന്നത് ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസാണ്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." ഈ ഉത്തരം തൃപ്തികരമായതുകൊണ്ട് യേശു പത്രോസിനെ അനുഗ്രഹിച്ചുകൊണ്ട് അരുളിച്ചെയ്തു: 'യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്.'

ഞാൻ നിന്നോടു പറയുന്നു: "നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല."

സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും (മത്താ. 16:13–19).'

രണ്ടാമത്തെ സംഭവം നടക്കുന്നത് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് മുൻപാണ്. 'അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശിമയോൻ പത്രോസിനോടു രണ്ടു തവണ ചോദിക്കുന്നുണ്ട്, യോഹന്നാന്റെ പുത്രനായ ശിമയോനെ, ഇവരെക്കാൾ

അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ എന്ന്. അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ. യേശു അവനോടു പറഞ്ഞു: "എന്റെ ആടുകളെ മേയിക്കുക." മൂന്നാം പ്രാവശ്യവും യേശു പത്രോസിനോട് ഇപ്രകാരം ചോദിച്ചപ്പോൾ പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: "കർത്താവേ, നീ എല്ലാം അറിയുന്നു." ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. യേശു പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക (യോഹ. 21:1517).' ഈ രണ്ടു സംഭവങ്ങളിലൂടെയും പത്രോസിലാണ് അജപാലനദൗത്യം ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന യാഥാർഥ്യം യേശു അടിവരയിടുകയായിരുന്നു.

ഈ സമയത്തും ഈശോ സഹായകനെ വാഗ്ദാനം ചെയ്യുന്നുണ്ട്. ജറുസലെം വിട്ടു പോകാതെ പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ കാത്തിരിക്കുവാൻ അവിടുന്ന് ആവശ്യപ്പെടുന്നു. കാരണം ഏറെത്താമസിയാതെ അവർ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും. 'പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും. (അപ്പ. പ്രവ. 1 : 48).'

'എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (യോഹ. 14 : 26).'

'ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും (യോഹ. 15 : 26).'

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം ശിഷ്യന്മാർ എല്ലാവരും ചേർന്ന് യൂദാസിനു പകരം മത്തിയാസിനെ തിരഞ്ഞെടുക്കുന്നുണ്ട് (അപ്പ. പ്രവ. 1 : 26). യഹൂദരുടെ തിരുനാളായ പന്തക്കുസ്താ ദിവസമാണ് പരിശുദ്ധാത്മാവ് അവരുടേമേൽ എഴുന്നെള്ളിവന്ന് അവരെല്ലാവരും ആത്മാവിൽ നിറഞ്ഞതും സഭ ഉത്ഘാടനം ചെയ്യപ്പെട്ടതും (അപ്പ. പ്രവ. 2:14). യേശുവിന്റെ ജെറുസലേമിലേക്കുള്ള രാജകീയ പ്രവേശനം മുതൽ അവിടുന്ന് ദിവ്യകാരുണ്യ കൂദാശയും പൗരോഹിത്യവും സ്ഥാപിച്ച് സ്നേഹത്തിന്റെ കല്പന നൽകിയതും പീഡസഹിച്ചു കുരിശിൽ മരിച്ചതും ഉയിർപ്പിക്കപ്പെട്ടതും പ്രേക്ഷിതദൗത്യം നൽകിയതും സ്വർഗാരോഹണം ചെയ്തതും തുടർന്ന് പരിശുദ്ധാത്മാവിന്റെ ആഗമനവും സഭ ഉത്ഘാടനം ചെയ്യപ്പെട്ടതുമെല്ലാം ജെറുസലേമിൽ വെച്ചായിരുന്നു. പരിശുദ്ധാത്മാവ് നൽകിയ ഭാഷണവരമനുസരിച്ച് പത്രോസിന്റെ പ്രഥമ പ്രസംഗവും അവിടെവെച്ചു തന്നെയായിരുന്നു (അപ്പ. പ്രവ. 2:14–36). ജെറുസലേം സഭാമാതാവിന്റെ കേന്ദ്രമായാണ് അറിയപ്പെടുന്നത്. ഇപ്രകാരമായിരുന്നു സഭയുടെ തുടക്കം (അപ്പ. പ്രവ. 2:4147).

## സഭയുടെ വ്യാപനം

യേശുവിന്റെ ആഹ്വാനമനുസരിച്ച് ശിഷ്യന്മാർ പ്രേക്ഷിതദൗത്യവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയി. അങ്ങനെയാണ് ഏ.ഡി. 52 ൽ ക്രിസ്തു ശിഷ്യനായ തോമസ് ഭാരതത്തിൽ എത്തി ക്രൈസ്തവ വിശ്വാസത്തിനു വിത്തുപാകിയത്. ബർത്തലോമിയോയും ഭാരതത്തിൽ എത്തിയിരുന്നു.

സഭ വളർന്നു വ്യാപിക്കുന്നത് വിശാലമായ റോമാ സാമ്രാജ്യത്തിലാണ്. റോമൻ സംസ്കാരത്തിലൂടെ നമുക്ക് മനസിലാക്കാൻ സാധിക്കുന്നത് അവിടെയുള്ളവർ ഗ്രാമങ്ങളെക്കാൾ ഉപരിയായി നഗരങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നുവെന്നാണ്. നഗരത്തിലുള്ളവരാണ് സംസ്കാരമുള്ളവരെന്ന് റോമാക്കാർ വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് സഭയും വളർന്നുവന്നത്.

എന്നാൽ സഭയുടെ പ്രാഥമിക ഘട്ടങ്ങളിൽ റോമിലെ ക്രൈസ്തവസമൂഹം നിരവധിയായ മതമർദ്ദനങ്ങൾക്ക് ഇരയായിട്ടുണ്ട്. റോമൻ ഭരണാധികാരിയായിരുന്ന നീറോ ചക്രവർത്തി ക്രൂരനായ മതമർദ്ദകൻ ആയിരുന്നു. അദ്ദേഹത്തിന്റെ പീഡനങ്ങളെക്കുറിച്ച് ഒരു പഴമൊഴി പോലുമുണ്ട്. റോമാ നഗരം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു എന്ന്. അന്നത്തെ ക്രൈസ്തവ പീഡനത്തിന്റെ ഒരു സ്മാരകമാണ് റോമിലുള്ള കൊളോസിയം. ഇതിന്റെ ഓർമ്മയ്ക്കായി ദുഖവെള്ളിയാഴ്ചയിലെ കുരിശിന്റെ വഴി മാർപ്പാപ്പ നയിക്കുന്നത് ഈ കൊളോസിയത്തിൽ വെച്ചാണ്. എഡി 313 ലാണ് മിലാൻ വിളംബരത്തിലൂടെ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രൈസ്തവർക്ക് സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തത്.

നഗരങ്ങളെ കേന്ദ്രീകരിച്ചാണ് സഭ വളർന്നുവന്നതെന്ന് മുൻപ് പറഞ്ഞുവല്ലോ. റോമാ സാമ്രാജ്യത്തിൽ പ്രധാനപ്പെട്ട 5 നഗരങ്ങൾ ഉണ്ടായിരുന്നു. തലസ്ഥാനമായ റോം, ജെറുസലേം, അന്ത്യോക്യ, അലക്സാൻഡ്രിയ, കോൺസ്റ്റാന്റിനോപ്പിൾ എന്നിവയായിരുന്നു അത്. ഈ 5 നഗരങ്ങളിലും വ്യത്യസ്ത പാരമ്പര്യങ്ങളും, സംസ്കാരങ്ങളും ആയതിനാൽ 5 വ്യത്യസ്ത ആരാധനാരീതികളാണ് റോമൻ സാമ്രാജ്യത്തിൽ ഉടലെടുത്തത്. അന്ത്യോക്യയിൽ ഒരേസമയത്ത് രണ്ടുതരത്തിലുള്ള ആരാധനാക്രമങ്ങൾ രൂപപ്പെട്ടുവന്നു. പടിഞ്ഞാറു ഭാഗത്ത് West Syrian Liturgy യും (അന്ത്യോക്യൻ ആരാധനാക്രമം) കിഴക്കുവശത്ത് കൽദായ ദേശത്ത് East Syrian Liturgy യും. അങ്ങനെ 6 തരത്തിലുള്ള ആരാധനാക്രമ കുടുംബങ്ങളാണ് റോമാ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നത്. ഇതിൽനിന്നാണ് ലോകത്ത് ഇന്നുള്ള സഭകളൊക്കെയും രൂപപ്പെട്ടുവന്നത്. എ.ഡി 285 ൽ ഡയക്ലീഷൻ ചക്രവർത്തി ഭരണസൗകര്യത്തിനായി റോമൻ സാമ്രാജ്യത്തെ രണ്ടായിട്ട് വിഭജിച്ചു. പടിഞ്ഞാറു ഭാഗത്ത് റോമാ നഗരവും കിഴക്കുഭാഗത്ത് ബാക്കിയുള്ള നാല് നഗരങ്ങളുമാണ് ഉൾപ്പെട്ടത്. ഒരു ആരാധനാക്രമ കുടുംബം മാത്രമുള്ള, റോം ആസ്ഥാനമായുള്ള പ്രദേശം പാശ്ചാത്യമെന്നും 5 തരത്തിലുള്ള ആരാധനാക്രമ കുടുംബങ്ങൾ ഉൾപ്പെട്ട 4 നഗരങ്ങൾ ഉൾപ്പെടുന്ന പ്രദേശം പൗരസ്ത്യമെന്നും അറിയപ്പെടാൻ തുടങ്ങി. അങ്ങനെയാണ് സഭയിൽ പാശ്ചാത്യവും പൗരസ്ത്യവും രൂപപ്പെട്ടത്. റോമിന് മാർപ്പാപ്പ എന്നപോലെ ബാക്കിയുള്ള നഗരങ്ങളിലും ഓരോ സഭാധ്യക്ഷന്മാരുണ്ട്. 5 നഗരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തലസ്ഥാനമായ റോമിനു തന്നെയായിരുന്നു അവസാനവാക്ക്. അതുകൊണ്ടാണ് 'Rome has spoken, the cause is finished' എന്ന് പറഞ്ഞിരുന്നത്.

## കത്തോലിക്കാ സഭയും റോമൻ കത്തോലിക്കാ സഭയും

കത്തോലിക്കാ എന്ന പദം ആദ്യമായി ഉപയോഗിച്ചത് അന്ത്യോക്യയിലെ വി.ഇഗ്നേഷ്യസ് ആയിരുന്നു. എല്ലാവർക്കുമുള്ളത് എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ചവർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടതും ഇവിടെവെച്ചാണ്. അന്നത്തെ എല്ലാ സഭാ സമൂഹങ്ങളെയും സൂചിപ്പി

ക്കാനാണ് ആദ്യ കാലഘട്ടങ്ങളിൽ കത്തോലിക്കാ എന്ന പദം ഉപയോഗിച്ചുകൊണ്ടിരുന്നത്. രണ്ടാം നൂറ്റാണ്ടിൽ ധാരാളം പാഷണ്ഡതകൾ (അബദ്ധസിദ്ധാന്തം) രൂപപ്പെട്ടു. അതിൽ 'നെസ്തോറിയനിസം' എന്ന പാഷണ്ഡത സിറിയയിലെ സഭയെ സാരമായി ബാധിക്കാനിടയായി. പരിശുദ്ധ അമ്മ മനുഷ്യനായ ഈശോയുടെ അമ്മയായതിനാൽ മറിയത്തെ ദൈവമാതാവ് എന്നുവിളിക്കാൻ പാടില്ല എന്നതായിരുന്നു ഈ പാഷണ്ഡതയുടെ ഉള്ളടക്കം. ഇതുമൂലമുണ്ടായ തെറ്റിദ്ധാരണ നിമിത്തം പല സമയങ്ങളിലായി മുഴുവൻ പൗരസ്ത്യസഭകളും കത്തോലിക്കാ കൂട്ടായ്മയിൽ നിന്ന് വേർപിരിഞ്ഞു. അങ്ങനെ കത്തോലിക്കാ സഭയിൽ Roman Rite മാത്രമായി. തന്മൂലം കത്തോലിക്ക, റോമൻ കത്തോലിക്കാ എന്നീ പദങ്ങൾ ഒരേ സഭയെത്തന്നെ സൂചിപ്പിക്കാൻ ഉപയോഗിച്ചു തുടങ്ങി. പതിനഞ്ചാം നൂറ്റാണ്ടിൽ റോമൻ സഭയിൽ ശക്തമായ മിഷൻ പ്രവർത്തനം നടന്നു. മുൻപ് കത്തോലിക്കാ കൂട്ടായ്മയിൽ നിന്ന് വേർപിരിഞ്ഞു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവരാൻ ഡോമിനിക്കൻ, ഫ്രാൻസിസ്കൻ, കർമ്മലീത്ത തുടങ്ങിയ മിഷനറി സമൂഹങ്ങൾ പ്രയത്നിച്ചു. ഇതിന്റെ ഫലമായി ഒരിക്കൽ കത്തോലിക്കാ സഭയുടെ ഐക്യത്തിൽനിന്ന് വേർപിരിഞ്ഞുപോയവർ വിവിധ സമയങ്ങളിൽ അവരുടെ ആരാധനാ ക്രമങ്ങളും പാരമ്പര്യങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. അവർ കത്തോലിക്കരായിട്ടാണ് ഐക്യപ്പെട്ടത്, അല്ലാതെ റോമൻ കത്തോലിക്കർ ആയിട്ടല്ല. ആയിരുന്നെങ്കിൽ റോമൻ ആരാധനാ ക്രമങ്ങളും പാരമ്പര്യങ്ങളും പിന്തുടരുമായിരുന്നു.

ഇന്ന് കത്തോലിക്കാസഭ 24 വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ്. പാശ്ചാത്യ സഭയിൽ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന റോമൻ കത്തോലിക്കാസഭയും പൗരസ്ത്യസഭയിൽ മാർപ്പാപ്പയുടെ നേതൃത്വം അംഗീകരിക്കുന്ന 23 പ്രാദേശിക വ്യക്തിഗത സഭകളും ഉൾപ്പെടുന്നതാണ് ആഗോള കത്തോലിക്കാസഭ. ഇതിൽ പാത്രിയാർക്കീസും, മേജർ ആർച്ച് ബിഷപ്പും, മെത്രാപ്പോലീത്തയും അധ്യക്ഷനായ സഭകളുണ്ട്. ഇതിൽ 2 സഭകളുടെ ആസ്ഥാനം കേരളത്തിലാണ്. സിറോ മലബാർ സഭാസ്ഥാനം എറണാകുളം കാക്കനാടും സിറോ മലങ്കര സഭയുടേത് തിരുവനന്തപുരം പട്ടത്തുമാണ്. ഇവരണ്ടും മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളാണ്.

## എന്തിനാണ് ഇത്രയധികം സഭകളും റീത്തുകളും

ക്രിസ്തു വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരിലൂടെ ലോകം മുഴുവനും വചനം വിതച്ചു. ഓരോ ദേശത്തിന്റെയും സംസ്കാരത്തിന് അനുസൃതമായ തരത്തിലാണ് അവിടെ അത് വളർന്നുവന്നത്. അതുകൊണ്ടാണ് വ്യത്യസ്തമായ ആരാധനാക്രമങ്ങൾ രൂപപ്പെട്ടതും. റീത്തുകൾ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അപ്പസ്തോലന്മാരിൽ നിന്ന് ലഭിച്ച സത്യവിശ്വാസവും കൂദാശകളുടെ ആഘോഷവും തിരുപ്പട്ടം വഴിയുള്ള അപ്പസ്തോലിക പിൻതുടർച്ചയും എല്ലാ സഭകളിലും ഒരുപോലെ ആയതിനാൽ ഈ ആരാധനാ ക്രമങ്ങളെല്ലാം ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

പരിശുദ്ധാത്മാവാണ് സഭയെ നയിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ ക്രിസ്തുവിന്റെ സഭയെ തകർക്കാനുള്ള സാത്താന്റെ തന്ത്രങ്ങൾ എല്ലായ്പോഴും പരാജയപ്പെട്ടുകൊണ്ടേയിരിക്കുന്നു.

# നന്മ നിറഞ്ഞ മറിയമേ...

ഫാ. ജോസഫ് മീനായിക്കോടത്ത്

**1 ആമുഖം**

യേശു എന്ന നാമം കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നാമമാണ് മറിയമെന്ന നാമം. മറിയം എന്ന നാമത്തിന്റെ തിരുനാൾ സെപ്തംബർ 12 ന് തിരുസഭയിൽ ആഘോഷിക്കുന്നു. മറിയമെന്ന നാമത്തിന്റെ അർഥം സമുദ്രതാരം, പ്രിയപ്പെട്ടവൾ, സൗന്ദര്യവതി, ഉയിർത്തപ്പെട്ടവൾ , മഹത്വീകരിക്കപ്പെട്ടവൾ, ഏറ്റവും സ്നേഹിക്കപ്പെടുന്നവൾ എന്നെല്ലാമാണ്. വി.ബർണാഡ് പറയുന്നു: 'നിരാശയുടെയും സങ്കടത്തിന്റെയും പടുകുഴിയിൽ താഴുമ്പോൾ, മറിയത്തെ ഓർമിക്കുക! അപകടത്തിലും, സംശയത്തിലും കഷ്ടപ്പാടിലും മറിയത്തെപ്പറ്റി ചിന്തിക്കുക; മറിയത്തെ വിളിക്കുക, അവളുടെ നാമം എപ്പോഴും നിന്റെ നാവിലും ഹൃദയത്തിലും ഉണ്ടായിരിക്കട്ടെ. അവളുടെ സഹായം യാചിക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ, അവൾ എങ്ങനെയാണ് ജീവിച്ചതെന്നു മറക്കരുത്, അവളുടെ കാലടികളെ പിൻതുടരുക.'

**2. നന്മ നിറഞ്ഞ മറിയം**

നന്മ നിറഞ്ഞ മറിയമെന്ന പ്രാർഥന സ്വർഗം തുറക്കുന്ന താക്കോലാണ്. എട്ടാം നൂറ്റാണ്ടു മുതൽ സാധാരണ ജനങ്ങൾ സങ്കീർത്തനങ്ങൾ മനപ്പാഠമാക്കാൻ സാധിക്കാത്തതുകൊണ്ട് അതിനു പകരം 150 *നന്മ നിറഞ്ഞ മറിയം* എന്ന പ്രാർഥന ചൊല്ലുകയും അതിന് 'മാതാവിന്റെ സങ്കീർത്തനം ' എന്ന പേരു നല്കുകയും ചെയ്തു. അനേകം വർഷങ്ങൾ കൊണ്ടാണ് നന്മ നിറഞ്ഞ മറിയമെന്ന പ്രാർഥന രൂപം പ്രാപിച്ചത്. ഈ പ്രാർഥനയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്: ഒന്ന് സ്തുതിയുടെ ഭാഗം, രണ്ട് യാചനയുടെ ഭാഗം. മറിയത്തെ സ്തുതിക്കുവാൻ മൂന്നു കാരണങ്ങൾ ഉണ്ട്: മറിയം നന്മ നിറഞ്ഞവൾ ആണ്, കർത്താവിന്റെ അമ്മയാണ്, സ്ത്രീകളിൽ അവൾ അനുഗ്രഹീതയാണ്.

നന്മ നിറഞ്ഞ മറിയത്തിന്റെ ആദ്യഭാഗത്ത് മാലാഖയുടെയും എലിസബത്തിന്റെയും അഭിവാദനം കാണുവാൻ സാധിക്കും. ദൈവത്തിന്റെ സന്ദേശവാഹകനായ ഗബ്രിയേൽ മാലാഖ ദൈവത്തിന്റെ സന്ദേശം നല്കുന്നു 'ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ'!

ലൂക്കാ 1 : 28 രണ്ടാമതായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് എലിസബത്ത് ഉദ്ഘോഷിച്ചു ' നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം'.

(ലൂക്കാ 1 : 42 ) മറിയത്തെക്കുറിച്ച് ദൈവത്തിന് പറയാനുള്ള കാര്യങ്ങളാണ് ഇവരിലൂടെ വെളിവാക്കുന്നത്. വചനം പറയുന്നത്, ദൈവം അനുഗ്രഹിച്ച വ്യക്തികളെ നിന്ദിക്കുന്നവരെ ദൈവം ശപിക്കും എന്നാണ്.

*(ഉൽപത്തി 12 : 3)*

പരിശുദ്ധ മറിയമേ എന്ന പ്രാർഥന 431 ൽ എഫേസൂസിലെ സൂനഹദോസിൽ മാതാവ് 'ദൈവമാതാവ്' ആണ് എന്ന വിശ്വാസ സത്യം പ്രഖ്യാപിച്ചുകൊണ്ട് എഴുതപ്പെട്ടതാണ്. പരിശുദ്ധ അമ്മ വഴി സമർപ്പിക്കുന്ന പ്രാർഥനകൾക്ക് അതുല്യമായ ശക്തിയുണ്ടെന്ന് വിശുദ്ധർ തങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പറയുന്നു. വി. ജോൺ വിയാനി പറയുന്നു: 'സുഗന്ധ പൂരിതമായ ഒരു വസ്തുവിൽ നാം സ്പർശിക്കുമ്പോൾ നമ്മുടെ കൈകൾക്ക് സുഗന്ധം ലഭിക്കുന്നു. അതുപോലെ നമ്മുടെ പ്രാർഥന പരിശുദ്ധ അമ്മയുടെ കരങ്ങളിൽ കൂടി കടന്നുപോകുമ്പോൾ അതു പരിമളം പരത്തുന്നു.' വാഴ്ത്തപ്പെട്ട കസിൻ പറയുന്നു: 'നിങ്ങളുടെ പ്രാർഥനകൾ എപ്പോൾ പരിശുദ്ധ അമ്മയുടെ കരങ്ങൾ വഴി ദൈവത്തിനു സമർപ്പിക്കുന്നുവോ ആ ക്ഷണത്തിൽ ദൈവം അതു സ്വീകരിച്ചു കഴിഞ്ഞു'. 'ദൈവം തനിക്കു പകരമായി മുഖ്യദൂതനായ ഗ്രബിയേലിനെ മറിയത്തെ അഭിവാദനം ചെയ്യുവാൻ വേണ്ടി അയച്ചപ്പോൾ അവിടുന്ന് അവൾക്കു നല്കിയ അതേ ആദരവാണ് ഓരോ 'നന്മ നിറഞ്ഞ മറിയമേ' എന്ന് പ്രാർഥനയിലൂടെയും നാം പരിശുദ്ധ മാതാവിനു നല്കുന്നത്' (വി. ലൂയി മേരി ഡി മോൺഫോർട്ട് )

### 3. നന്മ നിറഞ്ഞ മറിയമെന്ന പ്രാർഥന

നാലാം നൂറ്റാണ്ടു മുതൽ ജെറുസലേമിലെ വി.മർക്കോസിന്റെ ആരാധന ക്രമത്തിൽ മാലാഖയുടെയും എലിസബത്തിന്റെയും അഭിവന്ദനങ്ങൾ ഒരുമിച്ച് ഒരു പ്രാർഥനയായി ഉപയോഗിച്ചിരുന്നു എന്നൊരു പാരമ്പര്യമുണ്ട്. മറ്റൊരു പാരമ്പര്യം പറയുന്നത് വി. ഇൽ ഡെഫോൺസ് ടൊളേദോയിലെ ആർച്ച് ബിഷപ്പായിരുന്ന ഒരു ദിവസം രാത്രി പ്രാർഥിക്കുവാനായി കത്തീഡ്രലിൽ പോയപ്പോൾ കാണുവാൻ സാധിച്ചത് ദൈവാലയത്തിന്റെ പ്രധാന ഇരിപ്പിടത്തിൽ പരിശുദ്ധ അമ്മയിരിക്കുന്നതും അവൾക്കു ചുറ്റും മാലാഖമാർ വലംവയ്ക്കുന്നതും പ്രസ്തുത സമയത്ത് മാലാഖയുടെയും എലിസബത്തിന്റെയും അഭിവാദനം മൂന്ന് പ്രാവശ്യം ഉരുവിട്ട് പ്രാർഥിക്കുന്നതുമാണ്. വി ഇൻസെഫോൺസാണ് ഈ അഭിവാദനങ്ങളെ ഒന്നാക്കി നന്മ നിറഞ്ഞ മറിയമെന്ന പ്രാർഥന സംയോജിപ്പിച്ചത്. ഒരിക്കൽ വിശുദ്ധ മെക്ടിൽഡ് (1240–1298) പരിശുദ്ധ അമ്മയോടു ചോദിച്ചു: 'അമ്മേ, ലോകത്തിലെ ഏറ്റവും നല്ല വാക്കുകളിലൂടെ അമ്മയെ അഭിവാദ്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. പറഞ്ഞു തരാമോ?' അപ്പോൾ അമ്മയുടെ വിമലഹൃദയത്തിൽ ഇങ്ങനെ കണ്ടു: 'ദൈവകൃപ നിറഞ്ഞ മറിയമേ, സ്വസ്തി. കർത്താവ് നിന്നോടുകൂടെ. ഇതിലും സന്തോഷകരമായ ഒരു വാക്ക് ഒരു മനുഷ്യനും എന്നോടു പറയാനാവില്ല'

### 4. ഉപസംഹാരം

അനേകം വർഷങ്ങൾകൊണ്ടാണ് നന്മ നിറഞ്ഞ മറിയമെന്ന പ്രാർഥന വിരചിതമായത്. അതിൽ ദൈവത്തിന്റെ വചനങ്ങളും സഭയുടെ പ്രാർഥനയും ഉണ്ട്. മാത്രമല്ല പരിശുദ്ധ അമ്മയ്ക്ക് പ്രിയങ്കരമായ പ്രാർഥനയാണത്. പരിശുദ്ധ അമ്മയോടുള്ള ഭക്തി വലിയ അനുഗ്രഹമാണ്. വി.ജോൺ ഡമീഷൻ പറയുന്നത്'പരിശുദ്ധ കന്യകേ, അങ്ങയോടുള്ള ഭക്തി നിത്യരക്ഷ നേടുവാനുതകുന്ന സുശക്തമായ ആയുധമാകുന്നു. രക്ഷപെടണമെന്നു ദൈവം ആഗ്രഹിക്കുന്നവർക്ക് അവിടുന്ന് അതു നല്കുന്നു' എന്നാണ്.

# ഇടവക വാർത്തകൾ





**പ്രതിഷേധ ജപമാല റാലിയും ഭീമഹർജി സമർപ്പണവും.**
പട്ടിത്താനം സെന്റ് ബോനിഫസ് ദേവാലയത്തിൽ ജൂലൈ മാസം രണ്ടാം തീയതി മണിപ്പൂർ കലാപത്തിനെതിരെ ജപമാല റാലി നടത്തി.

---



കെ.സി.വൈ.എം. കുട്ടിക്കാനം യൂണിറ്റിൽ 'യുവ' യുവജന ദിനാചരണം നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് തോമസ് ജോൺ പതാക ഉയർത്തി. തുടർന്നുള്ള ദിവ്യബലിക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. അതിനുശേഷം SSLC, PLUS TWO പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് മെമന്റോ നൽകി ആദരിച്ചു.



ആണ്ടൂർ മൗണ്ട് കർമ്മൽ ദേവാലയത്തിൽ ജൂലൈ മാസം 9 ന് വി. മരിയ ഗൊരേത്തി ദിനം ആചരിച്ചു. വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് അധ്യാപകരും വിദ്യാർഥികളും ചേർന്ന് പ്രത്യേക പ്രാർത്ഥനയും നടത്തി.



**വിശുദ്ധ മരിയ ഗൊരത്തി ദിനം**: പട്ടിത്താനം സെന്റ് ബോനിഫസ് ദൈവാലയത്തിൽ ജൂലൈ മാസം ഒമ്പതാം തീയതി വിശുദ്ധ മരിയ ഗൊരത്തി ദിനം സമുചിതം ആഘോഷിച്ചു.



മറയൂർ മതബോധന മേഖലാതല ഉദ്ഘാടനവും സെമിനാറും സംഘടിപ്പിച്ചു. മറയൂർ സെന്റ്. മേരീസ് ദേവാലയത്തിൽ വച്ച് ജൂലൈ എട്ടാം തീയതി രണ്ടാം ശനിയാഴ്ച മറയൂർ മേഖലയിലെ മതബോധന അധ്യാപകരുടെ സെമിനാറും മേഖലാതല ഉദ്ഘാടനവും നടത്തപ്പെട്ടു.

## സെന്റ് ജോസഫ് പൂവം പ്രതിഷേധയോഗം സംഘടിപ്പിച്ചു




സെന്റ് ജോസഫ് പൂവം പ്രതിഷേധയോഗം സംഘടിപ്പിച്ചു. പൂവം സെന്റ് ജോസഫ് ഇടവകയിൽ മുതലപ്പൊഴിയിൽ ഉണ്ടായ സർക്കാർ അനാസ്ഥയ്ക്കെതിരെയും, അതെ തുടർന്ന് തിരുവന്തപുരം അതിരൂപത ബഹു. വികാരി ജനറൽ മോൺ. യുജിൻ പെരേര അടക്കമുള്ളവർക്കെതിരെ കേസെടുത്ത സംഭവത്തിലും പ്രതിഷേധം രേഖപ്പെടുത്തി.

---

## ചെറുപുഷ്പ മിഷൻ ലീഗ് പാലാ ഗാഡലൂപ്പെ മാതാ ശാഖയുടെ 2023-24 പ്രവർത്തന വർഷത്തിന് തിരി തെളിഞ്ഞു



ജൂലൈ പതിനാറാം തീയതി ഞായറാഴ്ച, സൺഡേ സ്കൂളിന് ശേഷം ചേർന്ന ഈ വർഷത്തെ പ്രഥമ സമ്മേളനത്തിൽ വച്ച്, ഇടവക വികാരിയും, ചെറുപുഷ്പം മിഷൻ ലീഗ് വിജയപുരം രൂപത ഡയറക്ടറുമായ റവ.ഫാ. മാത്യു ഒഴത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് ശാഖാ പ്രസിഡന്റ് അഡോൺ.എസ്. ഫിലിപ്പ് അധ്യക്ഷത വഹിച്ചു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ജൂബി ജോർജ് പ്രവർത്തനവർഷത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



2023-24 അധ്യായന വർഷത്തെ പാമ്പനാർ തിരുഹൃദയ ഇടവക മതബോധന കുട്ടികളുടെ പ്രവേശനോത്സവം 09/07/2023-ൽ ഇടവക വികാരി ഫാ. ജോസ് കാടൻതുരുത്തേൽ ഉദ്ഘാടനം ചെയ്തു, സഹ വികാരി ഫാ. ഡെറിക് വാസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു

## നല്ല സമറായൻ ദിനം – ആണ്ടൂർ മൗണ്ട് കാർമ്മൽ

ആണ്ടൂർ മൗണ്ട് കാർമ്മൽ സൺഡേ സ്കൂൾ 16/07/2023 ഞായറാഴ്ച നല്ല സമറായൻ ദിനം ആചരിച്ചു. അപരന്റെ വേദനകളിൽ പങ്കുചേരാൻ, ആശ്വാസമാകാൻ നല്ല സമറായന്റെ ഉപമയിലൂടെ നമ്മെ പഠിപ്പിച്ച യേശുവിന്റെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് വികാരിയച്ചന്റെ നേതൃത്വത്തിൽ മതബോധന വിഭാഗവും പി.ടി.എ അംഗങ്ങളും ഒന്നുചേർന്ന് ഇടവക സമൂഹത്തിലുള്ള ഒരു കുടുംബത്തിൽ സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും കഴിയുന്ന വിധത്തിൽ കുടുംബത്തെ സഹായിക്കുകയും ചെയ്തു.



16 /07/2023 പാമ്പനാർ തിരുഹൃദയ ദേവാലയത്തിൽ 2023 അദ്ധ്യയന വർഷത്തെ തിരുബാലസഖ്യം , അസിസ്റ്റൻറ് വികാരി ഫാ. ഡെറിക് വാസിന്റെ സാന്നിധ്യത്തിൽ തിരുബാലസഖ്യം ലീഡർ എയ്ജൽ സുബി പതാക ഉയർത്തി ഉദ്ഘാടനം നിർവഹിച്ചു.

## മരിയൻ സദനം സന്ദർശനം –സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ



നല്ല സമറായൻ ദിനത്തിന്റെ ഭാഗമായി മാനസിക രോഗികളായവരെ സംരക്ഷിക്കുന്ന ശ്രീ. ലിജുമോന്റെ നേതൃത്വത്തിൽ മാഞ്ഞൂരിൽ പ്രവർത്തിക്കുന്ന മരിയൻ സദനം സന്ദർശിച്ചു. 10,11,12 ക്ലാസിലെ മതബോധന വിദ്യാർത്ഥികളും അധ്യാപകരുമാണ് നേതൃത്വം നൽകിയത്. അവരോടൊപ്പം സമയം ചിലവഴിക്കുകയും വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും യുവജനങ്ങളിൽ നിന്നും സംയുക്തമായി പിരിച്ച 6800 രൂപ മരിയൻ സദനം ഡയറക്ടർക്കു കൈമാറുകയും ചെയ്തു. മറ്റുള്ളവരെ കുറിച്ച് ചിന്തയുള്ളവരാകാനും ബോധ്യമുള്ളവരാകാനും ഈ പ്രവർത്തിയിലൂടെ കുട്ടികൾക്ക് സാധിച്ചു.



കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ നല്ല സമറായൻ ദിനം ആഘോഷിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം കൂടിയ യോഗത്തിൽ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ജോസഫ് നെല്ലിത്താനം സ്വാഗതം അർപ്പിച്ചു. യോഗത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻ നല്ല സമറായൻ ദിനത്തിന്റെ സന്ദേശം ഏവർക്കും നല്കി. സൺഡേ സ്കൂൾ അധ്യാപിക സി. റോസ്‌ലിൻ, വിദ്യാർത്ഥി പ്രതിനിധി ക്രിസ്റ്റോ ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് നല്ല സമ

റായന്റെ കഥ മതബോധന വിദ്യാർത്ഥികൾ ദൃശ്യാവിഷ്കാരമായി അവതരിപ്പിക്കുകയും ചെയ്തു. സൺഡേ സ്കൂൾ അധ്യാപകൻ ജോസഫ് കെ.എം. യോഗത്തിന് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

## സന്യസ്തസംഗമം – മുണ്ടക്കയം മേഖല

മുണ്ടക്കയം മേഖലയിലെ സന്യസ്തസംഗമം ജൂലൈ 9–ാം തീയതി പ്രപ്പോസിലുള്ള സെന്റ് ജോസഫ് കോൺവെന്റിൽവച്ച് നടത്തി. 7 മഠങ്ങളിൽ നിന്നായി 30 സിസ്റ്റേഴ്സ് പങ്കെടുത്തു. പരിശുദ്ധാത്മഗാനത്തോടെ ആരംഭിച്ച മീറ്റിംഗിൽ സോണൽ പ്രസിഡന്റ് സി. മേരി മീനാംകുടി RFTS സ്വാഗതം പറഞ്ഞു. തുടർന്ന് മേഖല ആനിമേറ്റർ സി. സഫിയ സി.എസ്.എസ്.റ്റി. ഇന്ന് സന്യസ്തസഭകൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും ഈ മേഖലയിലുള്ള വിവിധ സന്യസ്തസഭകൾ തമ്മിലുള്ള ഐക്യത്തെപ്പറ്റിയും സംസാരിച്ചു. അതിനുശേഷം മേഖലാ സെക്രട്ടറി സി. ബ്ലെസ്സി ഡി.ഐ.എച്ച്. റിപ്പോർട്ട് വായിച്ചു. പിന്നീട് വിവിധ കോൺവെന്റുകളിലെ സുപ്പീരിയേഴ്സ് തങ്ങളുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി പങ്കുവച്ചു. ശേഷം മേഖലാ സെക്രട്ടറി സ്ഥാനമൊഴിഞ്ഞ സി. ബ്ലെസ്സി ഡി.ഐ.എച്ച് നു പകരം സി. അമല ഡി.ഐ.എച്ച് നെ തിരഞ്ഞെടുത്തു. പ്രസിഡന്റായി സി. മേരി മീനാംകുടി ഉം RFTS ട്രഷറായി സി. ദിവ്യ FSM യും തുടരാന് യോഗം തീരുമാനിച്ചു. തുടർന്ന് കലാപരിപാടികൾ നടത്തുകയും 4.30 പി.എംന് ചായസൽക്കാരത്തോടെ പിരിയുകയും ചെയ്തു.




## ജന്മദിനാശംസകൾ

02 ഫാ. ജോർജ് ചക്കുങ്കൽ
04 ഫാ. സെബാസ്റ്റ്യൻ വെളിയിൽ
05 ഫാ. തോമസ് തറയിൽ
07 ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ
09 ഫാ. എഡ്വിൻ കടവന്തറ
11 ഫാ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
12 ഫാ. ജോഷി പുതുപ്പറമ്പിൽ
14 ഫാ. പീറ്റർ കുട്ടമ്പറമ്പിൽ
14 ഫാ. പോൾ കാനപ്പിള്ളി
17 ഫാ. ജോസഫ് പടികരമല
23. ഫാ. ജോൺസൺ ചാലുമാട്ടുതറ
26. ഫാ. സ്കറിയ ആനിക്കൽ
27. ഫാ. വിജോഷ് മുല്ലൂർ

ആഗസ്റ്റ്

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം
## സെന്റ് തെരേസാസ് ചർച്ച്, പാക്കിൽ

പാക്കിൽ സെന്റ് തെരേസാസ് ഇടവകയുടെ പി.ഡി.സി. യുടെ ആഭിമുഖ്യത്തിൽ മതബോധന കുട്ടികൾക്കും കെ.സി.വൈ.എം. അംഗങ്ങൾക്കുമായി ലഹരി വിരുദ്ധ സെമിനാർ നടത്തി. സെമിനാറിനു മുന്നോടിയായി നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ആൽബർട്ട് ജോൺ അദ്ധ്യക്ഷത വഹിച്ചു. ഇടവക സെക്രട്ടറി എബികുന്നേപ്പറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. എക്സൈസ് ഓഫീസർ നിഫി. ജേക്കബ് ക്ലാസെടുത്തു. പി.ഡി.സി. വൈസ് പ്രസിഡന്റും വി.എ സ്.എസ്.എസ്. സജീവം പ്രോഗ്രാം കോർഡിനേറ്ററുമായി സെബാസ്റ്റ്യൻ മറ്റത്തിൽ, പി.ഡി.സി. സെക്രട്ടറി ആനി ജോസഫ്, കുന്നേപ്പറമ്പിൽ, സൺഡേസ്കൂൾ പി.റ്റി. എ. സെക്രട്ടറി റോയ് ഗോമസ് എന്നിവർ സംസാരിച്ചു. കെ.സി.വൈ.എം. യൂണിറ്റ് സെക്രട്ടറി അതുൽ വർഗ്ഗീസ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തെരേസ വിജയ് അയൽക്കൂട്ടം സെമിനാറിൽ പങ്കെടുത്തവർക്ക് ലഘു ഭക്ഷണം നൽകി.

---

## ലഹരി വിരുദ്ധ സെമിനാർ – സെന്റ് ജോസഫ്സ് ചർച്ച് പൂവം

സെന്റ് ജോസഫ് ഇടവകയിൽ സൺഡേസ്കൂൾ കുട്ടികൾക്കുവേണ്ടി ലഹരി വിരുദ്ധ സെമിനാർ നടത്തി. രൂപതാ ലഹരി വിരുദ്ധ യജ്ഞത്തിന്റെ ഇടവകയിൽ നടത്തിയ സെമിനാർ രൂപതാ സജീവം ലഹരി വിരുദ്ധ യജ്ഞം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ.ഫാ. തോമസ് തൈപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാരിഷ് കൗൺസിൽ സെക്രട്ടറി ആന്റണി വർഗീസ്, പി.ഡി.സി. സെക്രട്ടറി ജോസഫ്, വൈസ് പ്രസിഡന്റ് മിനി ഷാജി എന്നിവർ സംസാരിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ സിബിച്ചൻ പി.വി ലഹരി വിരുദ്ധ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. ചങ്ങനാശ്ശേരി എക്സൈസ് സിവിൽ ഓഫീസർ ശ്രീ. രാജേഷ് ആർ ക്ലാസ് നയിച്ചു. സെമിനാറിൽ പങ്കെടുത്ത കുട്ടികൾക്ക് പി.ഡി.സി. യുടെ ആഭിമുഖ്യത്തിൽ ലഘു ഭക്ഷണം നല്കി.

---

## പരേതരെ സ്മരിക്കാം – ആഗസ്റ്റ്

| | | |
|---|---|---|
| 01 | (2004) | ഫാ. ഏബ്രഹാം നിലപ്പന |
| 01 | (2006) | ഫാ. ഏബ്രഹാം പാണങ്കാട്ട് |
| 03 | (1998) | ഫാ. ജോസഫ് കൊച്ചുപറമ്പിൽ |
| 07 | (2011) | ആർച്ച് ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ |
| 09 | (2019) | ഫാ. മാത്യു കിഴക്കേക്കുറ്റ് |
| 13 | (2004) | ഫാ. വെയിൽസ് ജോസഫ് പനച്ചിത്തറ |
| 15 | (1998) | ഫാ. ഏബ്രഹാം പൗവ്വത്ത് |
| 16 | (1981) | ഫാ. സെബാസ്റ്റ്യൻ ഓണംകുളം |
| 21 | (1973) | ഫാ. തോമസ് കല്ലൂർവീടൻ |
| 23 | (1973) | ഫാ. ജോസഫ് വേണാട്ട് |



# വി.എസ്.എസ്.എസ്. വാർത്തകൾ

## ജൂൺ – 26 ലോക ലഹരിവിരുദ്ധ ദിനം



*കോട്ടയം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനിൽ നടന്ന ലഹരിവിരുദ്ധ പരിപാടി*

ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിൽ ലഹരി വിമുക്ത പരിപാടികൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രചരണ റാലി ഹെഡ്മാസ്റ്റർ ബിജു മത്തായി ഫ്ളാഗ് ഓഫ് ചെയ്തു. ഹയർ സെക്കണ്ടറി സ്കൂൾ മൈതാനിയിൽ അവസാനിച്ച റാലിയെ സ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ഊഷ്മളമായി വരവേറ്റു. പ്രചരണ പരിപാടി വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ഉദ്ഘാടനം ചെയ്തു. തുടർന്ന് മാന്നാനം കെ.ഇ. കോളേജിലെ എം.എസ്. ഡബ്ല്യു വിദ്യാർത്ഥികൾ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന തെരുവു നാടകം അവതരിപ്പിച്ചു. സ്കൗട്ട് & ഗൈഡ് പ്രതിനിധികളായ കുമാരി അൽഫോൻസ, സാന്റോ എന്നിവർ ലഹരി വിരുദ്ധ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. ഹയർ സെക്കണ്ടറി സ്കൂൾ സീനിയർ അസി. ബാബു പീറ്റർ, പ്രതിനിധി കുമാരി ആഷ്മയ ജിജു എന്നിവർ സംസാരിച്ചു. സജീവം പ്രോഗ്രാം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ പരിപാടികൾക്ക് നേതൃത്വം നല്കി. ഹൈസ്കൂൾ കുട്ടികൾക്കുവേണ്ടി നടത്തിയ ബോധവത്ക്കരണ സെമിനാറിന് എക്സൈസ് ഓഫീസർ ആഷോക് ബി. നായർ നേതൃത്വം നൽകി. വൈകുന്നേരം കോട്ടയം കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിൽ നടത്തിയ ബോധവത്ക്കരണ പരിപാടിയിൽ സിവിൽ എക്സൈസ് ഓഫീസർ നിഫി ജേക്കബ് ബോധവത്ക്കരണ സന്ദേശം നൽകി. മാന്നാനം കെ.ഇ. കോളേജിലെ എം.എസ്. ഡബ്ല്യു വിദ്യാർത്ഥികൾ ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന തെരുവു നാടകം അവതരിപ്പിച്ചു. കോട്ടയം വെസ്റ്റ് ജനമൈത്രീ പൊലീസ് ഓഫീസർ ലഹരി വിരുദ്ധ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. സജീവം രൂപതാ കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ നന്ദി പറഞ്ഞു.

## സൗജന്യ നേത്രപരിശോധന ക്യാമ്പ് – തെള്ളകം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡോ. അഗർവാൾ ആശുപത്രിയുമായി സഹകരിച്ച് മുതിർന്ന പൗരന്മാർക്കായി സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധന ക്യാമ്പ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോസഫ് അജി ചെറുക്രാക്രാംഞ്ചേരിൽ അദ്ധ്യക്ഷനായിരുന്നു. നേത്രരോഗവിദഗ്ധർ ഡോ. രഞ്ചുവിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം 67 പേരെ പരിശോധനയ്ക്ക് വിധേയരാക്കി. 22 പേർക്ക് സൗജന്യ നിരക്കിൽ കണ്ണടകൾ വിതരണം ചെയ്തു. കോ. ഓർഡിനേറ്റർ സി. സൂസൻ, . വി.ജെ. ജോസഫ്, ഫോറം വൈസ്പ്രസിഡന്റ് വത്സമ്മ ചാക്കോ, ആനിമേറ്റർ ജോളി ബാബു എന്നിവർ സംസാരിച്ചു.




*നേത്രപരിശോധന ക്യാമ്പ്*

## സജീവം ലഹരിവിരുദ്ധ യജ്ഞം

കെ.സി.ബി.സി. യുടെ നിർദ്ദേശപ്രകാരം വിജയപുരം രൂപതയിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ യജ്ഞത്തിൽ എല്ലാ ഇടവകകളുടെയും പങ്കാളിത്തം ലഭിച്ചുകൊണ്ടിരിക്കുന്നു. ജൂൺ മാസത്തിൽ ലിറ്റൽ ഫ്ളവർ ചർച്ച് വനവാതുക്കര, സെന്റ് തെരേസാസ് ചർച്ച് പാക്കിൽ, സെന്റ് ജോസഫ്സ് ചർച്ച് പൊടിമറ്റം, മൗണ്ട് കാർമ്മൽ ചർച്ച് പെരുമ്പെട്ടി. സെന്റ് ജോസഫ്സ് ചർച്ച് പൂവം, സെന്റ് തോമസ് ചർച്ച് വെച്ചൂച്ചിറ എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ സെമിനാർ നടന്നു. എക്സൈസ് ഡിപ്പാർട്ട്

മെന്റിന്റെ സഹകരണത്തോടെ നടത്തിയ ബോധവത്ക്കരണ പരിപാടിയിൽ അതത് ഇടവകയിലെ ബഹു. വൈദികർ അദ്ധ്യക്ഷത വഹിച്ചു. ഇടവകയിൽ പി.ഡി.സി. യുടെ നേതൃത്വത്തിൽ സെമിനാറിൽ സൺഡേ സ്കൂൾ അദ്ധ്യാപകരും, കെ.സി.വൈ.എം അംഗങ്ങളും സൺഡേസ്കൂൾ കുട്ടികളും പങ്കെടുത്തു.



*സജീവം ലഹരി വിരുദ്ധ ബോധവ്തക്കരണം അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ഉദ്ഘാടനം ചെയ്യുന്നു*


*സജീവം ഫുട്ബോൾ ടൂർണമെന്റ് പ്രതിജ്ഞ*

**ആശാകിരണം രോഗിസഹായ പദ്ധതിയിലേക്ക്**
**വിവിധ ഇടവകകൾ സമാഹരിച്ച തുക**

| | | | |
|---|---|---|---|
| ചങ്ങനാശ്ശേരി | -50000/- | **ചികിത്സാ സഹായം നൽകിയത്** | |
| പൊതി | -7500/- | വടവാതൂർ | -10000/- |
| | | പൊതി | -10000/- |

## ലഹരി വിരുദ്ധ പ്രചരണാർത്ഥം ഫുട്ബോൾ ടൂർണമെന്റ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി തെള്ളകം ഗാലക്സി ഫുട്ബോൾ ക്ലബുമായി സഹകരിച്ച് 21 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഫുട്ബോൾ ടൂർണമെന്റ് നടത്തി. തെള്ളകം ടർഫ് കോർട്ടിൽ നടന്ന ടൂർണമെന്റ് കോട്ടയം എം.എൽ.എ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ലഹരി വിരുദ്ധ



*ഫുട്ബോൾ മത്സരം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു*

പ്രതിജ്ഞ ചൊല്ലി കൊടുത്തു. സജീവം പ്രോഗ്രാം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ ലഹരി വിരുദ്ധ സന്ദേശം നൽകി. തെള്ളകം സെന്റ് മേരീസ് ഇടവക സജീവം ടാസ്ക് ഫോഴ്സ് പ്രസിഡന്റ് ജീവൻ മാത്യൂസ്, ആനിമേറ്റർ ജോളി ബാബു , ചൈൽഡ് ലൈൻ കോർഡിനേറ്റർ മാത്യു ജോസഫ്, ഗാലക്സി ഫുട്ബോൾ ക്ലബ് പ്രസിഡന്റ് സനീഷ് മരിയൻ എന്നിവർ സംസാരിച്ചു. 24 ടീമുകളിൽ നിന്നായി 168 കുട്ടികളും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളുമടങ്ങിയ നൂറുകണക്കിനാളുകൾ ലഹരി വിരുദ്ധ പരിപാടികളുടെ ഭാഗമായി.

## ആശാകിരണം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രോഗി സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ പ്രവർത്തനഫണ്ടിലേക്ക് ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവക വികസനസമിതി, വിൻസെന്റ് ഡി പോൾ പ്രവർത്തകർ ആശാകിരണം യൂണിറ്റ് പ്രവർത്തർ എന്നിവർ സ്വരൂപിച്ച അമ്പതിനായിരം രൂപ (50000/-) വികാരി പെരി. ബഹു. സ്റ്റീഫൻ പുത്തൻപറമ്പിലിന്റെ നേതൃത്വത്തിൽ വി.എസ്.എസ്.എസ്. കേന്ദ്ര ഓഫീസിൽ (അമലനിലയം) എത്തിച്ചു. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേരയുടെ സാന്നിദ്ധ്യത്തിൽ കോ. ഓർഡിനേറ്റർ പ്രമീല ജോർജ് തുക ഏറ്റുവാങ്ങി.



കേരള സഭ നവീകരണ പരിപാടിയുടെ ഭാഗമായി പട്ടിത്താനം ഫൊറോനയിൽ നടത്തപ്പെട്ട **എവുക്കരിസ്റ്റാ-23** എന്ന വൈദിക-സന്യസ്ത സെമിനാറിൽനിന്നും.



**സന്യസ്ത സംഗമം - മുണ്ടക്കയം മേഖല**



കെ.സി.ബി.സി. ആഹ്വാനപ്രകാരം മണിപ്പൂർ കലാപത്തിൽ ദുരിതം അനുഭവിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ സംസ്ഥാന യൂത്ത് സെക്രട്ടറി റവ.ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ നേതൃത്വത്തിൽ പാലായിൽ നടത്തപ്പെട്ടു.

AUGUST 2023
Vol. 16 • Issue 8
*Published on*
1th August 2023

# vijayapuradhuthu

(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India
A Government of India Undertaking

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



## യൂണിയൻ ഗോൾഡ് ലോൺ

**KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം**

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക്:
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180